കയും, മരാമത്ത്, എലക്ട്രിസിറ്റി എന്നീ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥന്മാക്ക് തങ്ങളുടെ പദ്ധതികൾ നടപ്പിൽവരുത്തുന്നതിന കാലതാമസം നേരിടാതിരിക്കത്തക്കവണ്ണം അവർക്ക് വിപുലങ്ങളായ അധികാരങ്ങൾ നൽകുകയും ചെയ്തിരിക്കുന്നു.

പ്രൈവറ്റ് മോട്ടാർ ട്രാൻസ്പോർട്ട്.

* 824. [44] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റുമോട്ടാർ സർവ്വീസിൽ നിന്നും ഗവണ്മെൻറിന എന്തൊരുദായം ലഭിക്കുന്നു ;

(ബി) പ്രൈവറ്റ മോട്ടാർ തൊഴിലാളികളുടെ കുറഞ്ഞകൂലി ക്രമപ്പെടുത്തിയതോടുകൂടി പല തൊഴിലാളികളേയും പിരിച്ചുവിടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) പിരിച്ചുവിടൽ തടയുന്നതിന് ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ആണ്ടിൽ ഏകദേശം അൻപത്തിമൂന്നു ലക്ഷം ഉറുപ്പിക. (53 ലക്ഷം)

(ബി) ഉണ്ട്.

(സി) ഉണ്ട്.

ഫിഷ് കൂറിംഗ് യാർഡുകൾ.

* 825. [57] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഫിഷ് കൂറിംഗ് യാർഡുകൾ എത്രയുണ്ട് ;

(ബി) അവയിൽ ഓരോന്നിലും എത്ര ഉദ്യോഗസ്ഥന്മാർ വീതമുണ്ട് ;

(സി) പ്രവർത്തനരഹിതമായി കിടക്കുന്നതിനെ പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പ്രവർത്തനരഹിതമായി കിടക്കുന്ന ഫിഷ് കൂറിംഗ് യാർഡുകൾ ഒന്നും ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ബോട്ടുസർവ്വീസ് കൂലി.

* 826. [59] ശ്രീ. സി. കൊച്ചുകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബോട്ടുസർവ്വീസുകാർ എന്നുമുതലാണ് കൂലി കൂട്ടിയത് ;

(ബി) ബോട്ടുസർവ്വീസുകാർ കൂലികൂട്ടിയതിനെ സംബന്ധിച്ച് വല്ല പരാതിയും ഗവണ്മെൻറിനു സമർപ്പിച്ചിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly